# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 257 — 02.04.2013 ൽ - മറുപടിക്ക്

## പൊതുവിതരണ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. കെ.ടി.ജലീൽ :<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ :<br>പ്രൊഫ.സി.രവീന്ദ്രനാഥ് :<br>ശ്രീ. കെ.കെ.നാരായണൻ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സാർവ്വത്രിക പൊതുവിതരണ സമ്പ്രദായം ഏർപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായത്തിലൂടെ സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. രാജ്യത്തെ ഓരോ പൗരനും ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾക്ക് നിയമസാധുത വരുത്തുന്നതിനായുള്ള ദേശീയ ഭക്ഷ്യ സുരക്ഷാ ബിൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) കേന്ദ്ര സർക്കാർ രൂപം നൽകിയിട്ടുള്ള ഭക്ഷ്യസുരക്ഷാ ബില്ലിലെ നിർദ്ദേശങ്ങളിന്മേൽ, സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ കേന്ദ്ര സർക്കാരിനയച്ച കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) പട്ടിണി, പോഷകാഹാര കുറവ്, ഭക്ഷ്യ അരക്ഷിതാവസ്ഥ ഇവ പരിഹരിക്കാൻ പര്യാപ്തമായ കേന്ദ്ര സഹായം ഈ വർഷം മുതൽ സംസ്ഥാനത്തിന് ലഭിക്കുമെന്ന് ഉറപ്പായിട്ടുണ്ടോ? | (സി) ഇതു സംബന്ധിച്ച് നടപടികളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**